പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2805 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്ന ലോബികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. സി. കെ. കാസിം

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. പി. കെ. നവാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഇതര സംസ്ഥാനങ്ങളിലെ ഫിഷ് ഫാമുകളിൽ തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനായി കേരളതീരത്തുനിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുപോകുന്ന വൻകിട ലോബികൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: ഇതര സംസ്ഥാനങ്ങളിലെ ഫിഷ് ഫാമുകളിൽ തീറ്റ ഉല്പാദിപ്പിക്കുന്നതിനായി കേരള തീരത്തു നിന്നും മത്സ്യക്കുഞ്ഞുങ്ങളെ കൊണ്ടുപോകുന്ന വൻകിട ലോബികൾ പ്രവർത്തിക്കുന്നതായി മാധ്യമറിപ്പോർട്ടുകൾ വരുന്നുണ്ട്.

(ബി) ഇപ്രകാരം മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിന് മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായുള്ള പരാതികൾ പരിശോധിച്ചിട്ടുണ്ടോ;

മറുപടി: മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിന് മത്സ്യബന്ധന വകുപ്പിലെ ഉദ്യോഗസ്ഥർ ഒത്താശ ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്ന ഇത്തരം സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മറുപടി: കടലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമായി കേരള തീരത്തെ വാണിജ്യ പ്രാധാന്യമുള്ള 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വലിപ്പത്തിൽ നിന്നും കുറഞ്ഞ വലിപ്പമുള്ള മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് സർക്കാർ നിരോധിച്ചിട്ടുണ്ട്. ഭക്ഷ്യയോഗ്യവും വാണിജ്യ പ്രാധാന്യമുള്ളതുമായ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ അനിയന്ത്രിതമായി പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനും സമുദ്ര ആവാസവ്യവസ്ഥയ്ക്കും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതിനാൽ ചെറുമീൻ പിടിത്തത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്ന് ലഭിച്ച പരാതികളുടെയും ഇതുസംബന്ധിച്ച് അച്ചടി-ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകളുടെയും അടിസ്ഥാനത്തിൽ ഫിഷറീസ് ഡയറക്ടർ തീരദേശ ജില്ലാ ഓഫീസർമാരുടെ

യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ വിലയിരുത്തുകയും നിയമലംഘനങ്ങൾ തടയുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുമായി കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യങ്ങളുടെ മിനിമം ലീഗൽ സൈസ് (Minimum Legal Size – MLS) സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എല്ലാ തീരദേശ ജില്ലകളിലും വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. നിയമപരമായി അനുവദനീയമായ വലിപ്പത്തിൽ താഴെയുള്ള മത്സ്യങ്ങളെ പിടിക്കുന്നതും കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച നിയന്ത്രണങ്ങൾ മത്സ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തും. ബോധവൽക്കരണ പരിപാടികളിൽ കോസ്റ്റൽ പോലീസ്, ഹാർബർ എൻജിനീയറിങ് വകുപ്പ്, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി തുടങ്ങിയ ബന്ധപ്പെട്ട ഏജൻസികളുടെ പങ്കാളിത്തം ഉറപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്.

ചെറുമീൻ പിടിത്തത്തിനെതിരായ നിയമനടപടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി കടലിലും മത്സ്യബന്ധന ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും പരിശോധനയും പട്രോളിങ്ങും ശക്തമാക്കിയിട്ടുണ്ട്. ഇംപൗണ്ടിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ജീവനക്കാർ കൃത്യമായി ഡ്യൂട്ടിയിൽ ഹാജരാകുന്നുണ്ടെന്നും കടലിലും ഹാർബറുകളിലും ലാൻഡിംഗ് സെന്ററുകളിലും ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നതിനും, നിയമലംഘനങ്ങൾ തടയുന്നതിനായി ആവശ്യാനുസരണം രാത്രി കാലങ്ങളിലും പട്രോളിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

നിശ്ചിത വലിപ്പത്തിൽ താഴെയുള്ള മത്സ്യങ്ങളെ പിടിച്ചെടുക്കുന്നതും അവയുടെ തുടർന്നുള്ള കൈകാര്യം ചെയ്യലും വിപണനവും മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇത്തരം മത്സ്യങ്ങളുടെ വ്യാപാരം നിയന്ത്രിക്കുന്നത് മത്സ്യസമ്പത്തിന്റെയും സമുദ്ര ആവാസ വ്യവസ്ഥയുടെയും സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം നിലനിർത്തുന്നതിനും അനിവാര്യമാണ്. പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള 58 ഇനം മത്സ്യങ്ങളുടെ കുറഞ്ഞ വലിപ്പത്തിൽ താഴെയുള്ളവയുടെ ലേലം, വിപണനം, ഗതാഗതം, വിതരണം എന്നിവ കേരള സംസ്ഥാനത്ത് നിരോധിക്കുന്നതിനായി ഒരു കരട് വിജ്ഞാപനം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം നിലവിൽ വരുന്നതോടെ കുറഞ്ഞ വലിപ്പത്തിലുള്ള മത്സ്യങ്ങളുടെ വ്യാപാരം നിയന്ത്രിക്കുന്നതിനും മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപാലനം ഉറപ്പാക്കാനും മത്സ്യത്തൊഴിലാളികളുടെ ദീർഘകാല താല്പര്യങ്ങൾ സംരക്ഷിക്കാനും സാധിക്കും.

കൂടാതെ മത്സ്യവിഭവ സംരക്ഷണത്തിന് പങ്കാളിത്ത സമീപനം ഉറപ്പാക്കുന്നതിന് കെ. എം. എഫ്. ആർ. ആക്ട് പ്രകാരം നിലവിൽ വന്നിട്ടുള്ള സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ മുഖാന്തിരം 213 വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി കെ. എം. എഫ്. ആർ. ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ 9 തീരദേശ ജില്ലകളിലായി നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ചെറുമീൻ പിടിച്ചതിന്റെ അടിസ്ഥാനത്തിൽ 60 യാനങ്ങളെ ഇംപൗണ്ട് ചെയ്യുകയും 40,30,000/- രൂപ പിഴയായി ഈടാക്കുകകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ